**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1183** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിലെ കുഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളിൽ കുഴികൾ രൂപപ്പെട്ടാൽ അവ സമയബന്ധിതമായി നികത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ കുഴികളടച്ച് ഗതാഗതയോഗ്യമായി നിലനിർത്തുന്ന തിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ, നബാർഡ്, ശബരിമല എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 2100 കി.മീ.റോഡുകളിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ അതാത് കരാറുകാരനെക്കൊണ്ടും പരിപാലന കാലാവധിയിലല്ലാതെ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്, പ്രീ മൺസൂൺ പ്രവൃത്തികളുടെ കരാറുകാരെക്കൊണ്ടും കുഴികൾ സമയബന്ധിതമായി നികത്തി ഗതാഗതയോഗ്യമാക്കി വരുന്നു. എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗത യോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 12332 കി.മീ.റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടിയന്തിര അറ്റകുറ്റപ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഈ സാമ്പത്തിക വർഷം 12.75 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് കേടുപാട് പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താല്ക്കാലിക പരിഹാരമായി Ordinary |

| | | | |
|---|---|---|---|
| | | | Repair (OR) ലും Flood Damage Repair (FDR) ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇത് ഉപയോഗിച്ച് താല്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി ദേശീയപാത ഗതാഗതയോഗ്യമാക്കാറുണ്ട്. ഇതു കൂടാതെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്രമന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലൂടെ ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. ഇത് ഉപയോഗിച്ച് റോഡ് ഗതാഗതയോഗ്യമാക്കാറുണ്ട്. |
| (ബി) | റോഡുകളിലുണ്ടാകുന്ന കുഴികൾ മുഖാന്തിരം ഉണ്ടാകുന്ന വാഹന അപകടങ്ങളിൽ പരിക്കേൽക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം പൊതുമരാമത്ത് വകുപ്പിൽനിന്നും നൽകാൻ നിലവിൽ വ്യവസ്ഥകൾ ഉണ്ടോ; വ്യക്തമാക്കുമോ? | (ബി) | റോഡിലുണ്ടാകുന്ന കുഴികൾ മുഖാന്തിരം ഉണ്ടാകുന്ന വാഹന അപകടങ്ങളിൽ പരിക്കേൽക്കുകയോ മരണം സംഭവിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം പൊതുമരാമത്ത് വകുപ്പിൽ നിന്നും നൽകാൻ വ്യവസ്ഥകളില്ല.<br><br>കെ.എസ്സ്.ടി.പി റോഡുകൾ കരാറുകാർക്ക് കൈമാറിക്കഴിഞ്ഞാൽ ടി റോഡിന്റെ പരിപാലനം അവരുടെ ചുമതലയാണ്. ടി റോഡുകളിൽ കുഴികൾ മുതലായവമൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് ടി കരാറുകാരൻ ഉത്തരവാദിയാണ്. ടി കരാറുകാരൻ നഷ്ടപരിഹാരം നൽകിയില്ലായെങ്കിൽ ബിൽ തുകയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ